നം: ഇ.എക്സ്/എ4/70554/2010/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 695 012
തീയതി: 10/01/2011

# സർക്കുലർ

വിഷയം: എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2011 - നിരന്തരമൂല്യനിർണ്ണയ സ്കോർ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ ആഫീസിൽ നിന്നുള്ള 04/09/2010 ലെ Ex/GCI(1)/3001/2010-ാം നമ്പർ എസ്.എസ്.എൽ.സി പരീക്ഷാ വിജ്ഞാപനം.

സൂചനയിലെ വിജ്ഞാപനത്തിന്റെ തുടർച്ചയായി താഴെ പറയുന്ന വിവരങ്ങൾ കൂടി എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 2011 മാർച്ചിൽ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ നിരന്തര മൂല്യനിർണ്ണയ സ്കോർ യഥാസമയം സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനും അപ്പീലുകൾ ഉണ്ടെങ്കിൽ ആയവ യഥാസമയം തീർപ്പാക്കുന്നതിനും എല്ലാ ചീഫ് സൂപ്രണ്ടുമാരും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. "നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോർ എൻട്രി - 2011" നടത്തുന്നതിന് ആവശ്യമായ സോഫ്റ്റ്വെയർ പരീക്ഷാഭവനിൽ നിന്നും 19/01/2011 ന് ശേഷം ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം എല്ലാ സ്കൂളുകൾക്കും നൽകുന്നതാണ്. നിരന്തരമൂല്യനിർണ്ണയ സ്കോറുകൾ വെബ്സൈറ്റ് വഴി പരീക്ഷാഭവനിലേക്ക് അപ്ലോഡ് ചെയ്യേണ്ടതാണ്.
3. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും രണ്ട് സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാർക്ക് വീതം പരീക്ഷാഭവനിൽ നിന്നും പരിശീലനം നൽകുന്നതാണ്. 15/01/2011 ന് രാവിലെ 10 മണിക്ക് IT @ School -ന്റെ തിരുവന്തപുരം D.R.C യിൽ (Deaf School, Jagathy, Thiruvananthapuram) വച്ച് നടക്കുന്ന സി.ഇ സോഫ്റ്റ്വെയർ ട്രെയിനിംഗിൽ പങ്കെടുക്കാൻ രണ്ട് സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരെ വീതം നിയോഗിക്കേണ്ടതാണ്.
4. നിരന്തരമൂല്യനിർണ്ണയ സോഫ്റ്റ്വെയർ ട്രെയിനിംഗ് ലഭിച്ച ഐ.ടി കോ-ഓർഡിനേറ്റർമാർ വിദ്യാഭ്യാസ ജില്ലയിലെ മുഴുവൻ സ്കൂൾ കോ-ഓർഡിനേറ്റർമാർക്കും ഇതു സംബന്ധിച്ച പരിശീലനം നൽകേണ്ടതും സ്കൂളുകളിൽ സി.ഡി 21/01/2011ൽ ഇൻസ്റ്റാൾ ചെയ്യാൻ സഹായിക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാരുടെ/ചീഫ് സൂപ്രണ്ടുമാരുടെ മേൽ നോട്ടത്തിൽ സ്കോർ എൻട്രി നടത്തുമ്പോൾ സ്കൂളിന്റെ പേരും കുട്ടികളുടെ ബയോഡേറ്റയും ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. നിരന്തരമൂല്യനിർണ്ണയത്തിന്റെ സ്കോർ എൻട്രി നടത്തിയതിന് ശേഷം പ്രിന്റൗട്ട് എടുത്ത് പരിശോധിച്ച് തെറ്റുകളൊന്നും ഇല്ലെന്ന് ഹെഡ്മാസ്റ്റർമാർ/ചീഫ് സൂപ്രണ്ടുമാർ ഉറപ്പു വരുത്തേണ്ടതാണ്.

6. 10 വിഷയങ്ങളിലെയും നിരന്തരമൂല്യനിർണ്ണയത്തിന്റെ സ്കോർ ശരിയാണെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം 05/02/2011 ന് മുമ്പായി http://www.sslcexamkerala.gov.in എന്ന വെബ്സൈറ്റിലേയ്ക്ക് അപ്‌ലോഡ് ചെയ്യേണ്ടതും ഇവയുടെ കൈയെഴുത്തുപ്രതി പരീക്ഷാഭവനിൽ നിന്നും നൽകുന്ന കവറിൽ സീൽ ചെയ്ത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ 08/02/2011ന് മുമ്പായി ശേഖരിക്കേ ണ്ടതുമാണ്.

7. സ്കൂളുകളിൽ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന നിരന്തരമൂല്യനിർണ്ണയത്തിന്റെ സ്കോറും വെബ്സൈറ്റിൽ പരീക്ഷാഭവനിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്ന നിരന്തരമൂല്യനിർണ്ണ യത്തിന്റെ സ്കോറും ഒന്നു തന്നെ ആയിരിക്കണം.

8. നിരന്തരമൂല്യനിർണ്ണയത്തിന്റെ സ്കോർ അടങ്ങിയ കൈയ്യെഴുത്തുപ്രതി പരീക്ഷാഭവനിൽ നിന്നും നൽകുന്ന കവറിൽ സീൽ ചെയ്ത് ജില്ലാവിദ്യാഭ്യാസ ആഫീസുകളിലേയ്ക്ക് നൽകുമ്പോൾ ഹെഡ്മാസ്റ്റർമാരുടെ/ചീഫ് സൂപ്രണ്ടിന്റെ സർട്ടിഫിക്കറ്റോടെ നൽകേണ്ടതാണ്.

9. നിരന്തരമൂല്യനിർണ്ണയത്തിന്റെ സോഫ്റ്റ്‌വെയറും അനുബന്ധ സാധനങ്ങളും വിതരണം ചെയ്യുന്നതും ശേഖരിക്കുന്നതും പരീക്ഷാഭവനിൽ നിന്നും നൽകുന്ന പ്രത്യേക പെട്ടികളിലായിരിക്കും. സ്കോർ അടങ്ങിയ കൈയ്യെഴുത്ത് പ്രതികൾ ശേഖരിച്ചു കഴിഞ്ഞാൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ പെട്ടി പൂട്ടി സീൽ ചെയ്യേണ്ടതാണ്. ഇതിന്റെ താക്കോൽ പ്രത്യേക കവറിലാക്കി പരീക്ഷാഭവൻ ഉദ്യോഗസ്ഥർക്ക് പെട്ടിയോടൊപ്പം കൈമാറേണ്ടതാണ്.

10. പരീക്ഷാർത്ഥികളുടെ ലിസ്റ്റിൽ ഏതെങ്കിലും അപാകത ഉണ്ടെങ്കിൽ പരീക്ഷാഭവനുമായി ബന്ധപ്പെട്ട് ചീഫ് സൂപ്രണ്ട് അവ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

11. പരീക്ഷാഭവൻ വെബ്സൈറ്റ്ലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്ന ഫയലുകൾ ഒരു സി.ഡി. യിൽ പകർത്തി ഹെഡ്മാസ്റ്റർ/ചീഫ് സൂപ്രണ്ടുമാർ സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

**Sd/-**

**സെക്രട്ടറി**

**എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും**